**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3859** **27-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ചേർത്തല താലൂക്കിലെ പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറി ഉല്പാദനത്തിലും വിതരണത്തിലും പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിലെ ആകെ ഉൽപാദനം 65755.95 മെട്രിക് ടണ്ണും ആകെ വിപണനം 65090.85 മെട്രിക് ടണ്ണുമായിരുന്നു. ഇത് 2023-24 സാമ്പത്തിക വർഷത്തിൽ യഥാക്രമം 43,547.4 മെട്രിക് ടണ്ണും 43,762.4 മെട്രിക് ടണ്ണുമായി കുറഞ്ഞിട്ടുണ്ട്. അതായത് ഉൽപാദനത്തിൽ 33.77% വും വിപണനത്തിൽ 32.77% വും കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഫാക്ടറിയിൽ നിന്നും ഏറ്റവും കൂടുതൽ ഉൽപാദനം നടത്തി വിതരണം ചെയ്യുന്നത് ഗോമതി റിച്ച് കാലിത്തീറ്റയാണ്. ഇതിന്റെ ഉൽപാദനം 28468.2 മെട്രിക് ടണ്ണിൽ നിന്നും 21601.15 (6867.05 മെട്രിക് ടൺ) മെട്രിക് ടൺ ആയി മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട്. ആനുപാതികമായ ആകെ വിൽപന 28137.85 മെട്രിക് ടണ്ണിൽ നിന്നും 21854.95 (6282.9 മെട്രിക് ടൺ) മെട്രിക് ടൺ ആയും കുറഞ്ഞിട്ടുണ്ട്.<br><br>വിപണനം വർദ്ധിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും ഫീൽഡ് പ്രൊമോട്ടർമാരെ നിയോഗിക്കുന്നതിനും മിൽമ കാലിത്തീറ്റ എടുക്കാത്ത കാലാകാലങ്ങളായി വിട്ടു നിൽക്കുന്ന സംഘങ്ങളെ കണ്ടെത്തി ഓർഡറുകൾ സ്വീകരിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. വിപണനത്തിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ കാര്യക്ഷമമായ പ്രവർത്തനം ഏർപ്പെടുത്തുന്നതിന് ഹോൾസെയിൽ ഡീലർമാരെ നിയോഗിക്കുന്നതിനും ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ കർഷകരിൽ കാലിത്തീറ്റയെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഉൽപാദന വർദ്ധനവിനായി ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാത്ത പ്രീമിയം കാലിത്തീറ്റ |

| | | | |
|---|---|---|---|
| | | | സംഘങ്ങളിലൂടെ വിപണനം ചെയ്യുന്നതിന് കൂടുതൽ ഊന്നൽ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ